REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ ഉരുക്ക് മനുഷ്യൻ സർദാർ വല്ലഭായി പട്ടേലിന്റെ ജന്മദിനമായ ഇന്ന് ദേശീയ ഏകതാ ദിനമായി ആഘോഷിക്കുന്നു. ഗുജറാത്തിൽ രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.
- ദീപങ്ങളുടെ ഉത്സവമായ ദീപാവലി ഇന്ന്.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് മത്സര ചിത്രം വ്യക്തമായി. സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചു.
- സാമൂഹിക സേവന പ്രവർത്തനങ്ങളിലൂടെ ചരിത്രത്തോടും വർത്തമാനത്തോടും നീതി പുലർത്താൻ നാഷണൽ സർവീസ് സ്കീമിന് കഴിയുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ഉഗ്രസ്ഫോടന ശബ്ദമുണ്ടായ നിലമ്പൂർ ആനക്കല്ലിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്ന് മന്ത്രി GR അനിൽ.
- ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിന് ജയം.

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ ഏകതാ ദിനം. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനമായ ഒക്ടോബർ 31, 2014 മുതലാണ് ദേശീയ ഏകതാ ദിനമായി ആഘോഷിച്ചു വരുന്നത്.

ഡസ്ക്ക് റിപ്പോർട്ട്

...... വോയ്സ് ......

സ്വാതന്ത്ര്യ സമരത്തിലെ നിർണായക വ്യക്തിത്വവും രാജ്യത്തിന്റെ ആദ്യ ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായിരുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചാണ് രാജ്യം ദേശീയ ഏകതാ ദിനം ആഘോഷിക്കുന്നത്. വൈവിധ്യമാർന്ന നാട്ടുരാജ്യങ്ങളെ ഒരൊറ്റ രാഷ്ട്രമാക്കി ഏകീകരിക്കുന്നതിന് അദ്ദേഹം നടത്തിയ ശ്രമങ്ങളുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇത്. ഒപ്പം രാജ്യത്തെ ജനങ്ങൾക്കിടയിൽ ഐക്യദാർഢ്യത്തിന്റെ മനോഭാവവും വളർത്തുന്നു. അസാധാരണമായ നേതൃപാടവത്തിനും ദേശീയോദ്ഗ്രഥനത്തോടു അചഞ്ചലമായ പ്രതിബദ്ധതയ്ക്കും പേരുകേട്ട സർദാർ വല്ലഭായ് പട്ടേലിനെ ഇന്ത്യയുടെ ഉരുക്കുമനുഷ്യനായി രാജ്യം സ്നേഹപൂർവ്വം സ്മരിക്കുന്നു.

✪✪✪

ഗുജറാത്തിൽ രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. ഏകതാ നഗറിലെ ഏകതാ പ്രതിമയിൽ പ്രധാനമന്ത്രി സർദാർ വല്ലഭായ് പട്ടേലിന് പുഷ്പാഞ്ജലി അർപ്പിക്കുകയും ഏകതാ ദിവസ് പ്രതിജ്ഞ ചൊല്ലുകയും ചെയ്യും. ഏകതാ ദിവസ് പരേഡും പ്രധാനമന്ത്രി വീക്ഷിക്കും.

9 സംസ്ഥാനങ്ങളിൽ നിന്നു 16 മാർച്ചിംഗ് സംഘങ്ങളും ഒരു UT പോലീസും നാല് കേന്ദ്ര സായുധ പോലീസ് സേനകളും NCCയും പരേഡിൽ അണിനിരക്കും. ഇന്ത്യൻ എയർഫോഴ്സിന്റെ 'സൂര്യ കിരൺ' ഫ്ലൈപാസ്റ്റും ഉണ്ടാകും.

✪✪✪

മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് രാഷ്ട്രീയ സങ്കൽപ് ദിവസായി ആചരിക്കുന്നു. ന്യൂഡൽഹിയിലെ വസതിക്ക് സമീപം 1984 ഒക്ടോബർ 31നാണ് സുരക്ഷാ ജീവനക്കാരുടെ വെടിയേറ്റ് ഇന്ദിരാ ഗാന്ധി കൊല്ലപ്പെട്ടത്. ദേശീയ പ്രതിജ്ഞ ദിനമായും ഈ ദിവസം ആചരിക്കുന്നുണ്ട്. കോൺഗ്രസ് പ്രവർത്തകരുടെ നേതൃത്വത്തിൽ ഇന്ദിര അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും.

തിരുവനന്തപുരത്ത് KPCC ആസ്ഥാനത്ത് രാവിലെ കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ ആന്റണിയുടെ നേതൃത്വത്തിൽ നേതാക്കൾ ഇന്ദിരാഗാന്ധിയുടെയും വല്ലഭായ് പട്ടേലിന്റെയും ഉമ്മൻചാണ്ടിയുടെയും ചിത്രത്തിൽ പുഷ്പാർച്ചന നടത്തും.

✪✪✪

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് KPCCയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 'ദി ഐഡിയ ഓഫ് ഇന്ത്യ- ഇന്ത്യയെന്ന ആശയം- ക്യാമ്പയിന് തുടക്കമാവും. പൂർണ്ണസ്വരാജ് ദിനമായ ഡിസംബർ 31 വരെയാണ് ക്യാമ്പയിനെന്ന് KPCC സംഘടനാ ജനറൽ സെക്രട്ടറി M.ലിജു തിരുവനന്തപുരത്ത് അറിയിച്ചു.

ഇന്ദിരാ ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനവും സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനവും ഇന്ന് പുതുതായി രൂപികരിച്ച വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി വിപുലമായ പരിപാടികളോടെ ആചരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. രാവിലെ ഇന്ദിരാഗാന്ധിയുടെയും സർദാർ വല്ലഭായ് പട്ടേലിന്റെയും ചിത്രത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് ഇരുവരുടെയും ജീവചരിത്ര പാരായണവും അനുസ്മരണ പരിപാടികളും നടത്തുമെന്നും എം ലിജു അറിയിച്ചു.

✪✪✪

ദീപങ്ങളുടെ ഉത്സവമായ ദീപാവലി ഇന്ന്. 'തമസോമാ ജ്യോതിർഗമയ' എന്ന വേദവാക്യവുമായി തിന്മയ്ക്ക് മേൽ നന്മയുടെ വിജയം എന്ന സന്ദേശത്തിൽ തുലാമാസത്തിലെ അമാവാസി ദിവസമാണ് ദീപാവലി ആഘോഷിക്കുന്നത്. വിളക്കുകൾ തെളിച്ചും വർണ്ണ മനോഹരമായ പടക്കങ്ങൾ പൊട്ടിച്ചും മധുര പലഹാരങ്ങൾ വിതരണം ചെയ്തും രാജ്യത്തുടനീളം ദീപാവലി ആഘോഷിക്കുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും ജനങ്ങൾക്ക് ദീപാവലി ആശംസ നേർന്നു.

ദീപാവലി സന്തോഷത്തിന്റെയും ഉത്സാഹത്തിന്റെയും ഉത്സവമാണെന്നും അജ്ഞതയ്ക്കെതിരെ അറിവിന്റെയും തിന്മയ്ക്കെതിരെ നന്മയുടെയും വിജയത്തെയാണ് ഈ ദിവസം സൂചിപ്പിക്കുന്നതെന്നും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ഇരുട്ടിനെതിരെ വെളിച്ചത്തിന്റെയും നിരാശയ്ക്കെതിരായ പ്രതീക്ഷയുടെയും അജ്ഞതയ്ക്കെതിരായ അറിവിന്റെയും കാലാതീതമായ വിജയത്തിന്റെ പ്രതീകമാണ് ദീപാവലി ഉത്സവമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

ഗവർണറും മുഖ്യമന്ത്രിയും  ദീപാവലി ആശംസ നേർന്നു.

"ആഘോഷത്തിന്റെ ആഹ്ലാദത്താൽ ജനമനസ്സുകളെ ധന്യമാക്കുന്നതോടൊപ്പം സ്നേഹവും ഐക്യബോധവും കൊണ്ട് സാമൂഹിക ഒരുമ ശക്തിപ്പെടുത്താനും ദീപങ്ങളുടെ ഉത്സവം നമുക്ക് പ്രചോദനമേകട്ടെ"എന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസ സന്ദേശത്തിൽ പറഞ്ഞു.

പ്രകാശത്തിന്റെ ഉത്സവമാണ് ദീപാവലിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭേദചിന്തകൾക്കതീതമായ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം ഓരോ മനുഷ്യമനസ്സിലും നിറയ്ക്കുന്നതാകട്ടെ ദീപാവലി ആഘോഷങ്ങളെന്നും മുഖ്യമന്ത്രി ആശംസിച്ചു.

✪✪✪

ദീപാവലിയുടെയും ഛത്ത് പൂജയുടെയും ഉത്സവ സീസണിൽ യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത്  റെയിൽവേ 7,296 പ്രത്യേക ട്രെയിനുകളാണ് ഓടിക്കുന്നത്.  കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച്  ഈ വർഷം 2,800 ട്രെയിനുകൾ അധികമായി ഓടിക്കുന്നുണ്ട്.

✪✪✪

ദക്ഷിണ റെയിൽവേ ദീപാവലിക്കാലത്തെ അധിക തിരക്ക് കണക്കിലെടുത്ത്, 20 സെക്ടറുകളിലായി 272 ട്രിപ്പുകൾ ഉൾപ്പടെ 58 പ്രത്യേക ട്രെയിനുകൾ ഓടിക്കും.

തിരുവനന്തപുരത്ത് നിന്ന് ഹസ്രത് നിസാമുദ്ദീൻ,  ബെംഗളൂരു, കോട്ടയം എന്നിവിടങ്ങളിലേക്കും തിരിച്ചും -  ചെന്നൈ സെൻട്രൽ - കോട്ടയം, യശ്വന്ത്പുർ - കോട്ടയം - യശ്വന്ത്പുർ റൂട്ടുകളിലുമാണ് പ്രത്യേക ട്രെയിൻ സർവ്വീസുകൾ.

തിരുവനന്തപുരം ഡിവിഷനിൽ 10 ട്രെയിനുകളിൽ അധിക കോച്ചുകളും അനുവദിച്ചിട്ടുണ്ട്.

✪✪✪

വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും ഉപതിരഞ്ഞെടുപ്പിന്  മത്സര ചിത്രം വ്യക്തമായി. പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്നലെ അവസാനിച്ചതോടെ ആരും പത്രിക പിൻവലിക്കാതിരുന്ന വയനാട്ടിൽ 16 പേരാണ് മത്സരരംഗത്ത്.

പാലക്കാട് 10 പേരാണ് മത്സരിക്കുന്നത്.

ചേലക്കരയിൽ ഒരാൾ പത്രിക പിൻവലിച്ചു. ആറ് പേർ മത്സരരംഗത്തുണ്ട്. എല്ലാ സ്ഥാനാർത്ഥികൾക്കും തെരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചു. തെരഞ്ഞെടുപ്പ് പ്രചരണം ഊർജിതമായി തുടരുകയാണ്.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽ സ്ഥാനാർത്ഥികളും നേതാക്കളും ശക്തമായ പ്രചാരണത്തിലാണ്.

UDF സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധിക്കായി സംസ്ഥാന ദേശീയ നേതാക്കൾ മണ്ഡലത്തിൽ ക്യാമ്പ് ചെയ്താണ് പ്രചാരണം കൊഴുപ്പിക്കുന്നത്. മുൻ KPCC പ്രസിഡണ്ട് K മുരളീധരൻ ഇന്ന് മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പ്രസംഗിക്കും. LDF സ്ഥാനാർത്ഥി സത്യൻ മൊകേരി ഇന്ന് ബത്തേരി നിയോജകമണ്ഡലത്തിൽ പ്രചാരണം നടത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസ് ഇന്ന് ബത്തേരി മണ്ഡലത്തിലാണ് പ്രചാരണത്തിനെത്തുന്നത്.

✪✪✪

സാമൂഹിക സേവന പ്രവർത്തനങ്ങളിലൂടെ ചരിത്രത്തോടും വർത്തമാനത്തോടും നീതി പുലർത്താൻ നാഷണൽ സർവീസ് സകീമിനു കഴിയുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനതല NSS പുരസ്കാര വിതരണ ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

2022 - 23 വർഷത്തെ നാഷണൽ സർവീസ് സ്കീമിന്റെ മികച്ച സേവന പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്.

മികച്ച സ്നേഹാരാമങ്ങൾ നിർമിച്ച NSS യൂണിറ്റുകൾക്ക് പുരസ്കാര വിതരണവും ചടങ്ങിൽ നടന്നു.

✪✪✪

നിലമ്പൂർ പോത്ത്കല്ല് ആനക്കല്ലിലെ പട്ടിക വർഗ നഗറിൽ ഉഗ്രസ്ഫോടന ശബ്ദമുണ്ടായ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. ഉഗ്രസ്ഫോടന ശബ്ദത്തെ തുടർന്ന് വിള്ളൽ വീണ വീടുകൾ മന്ത്രി ഇന്നലെ രാത്രി സന്ദർശിച്ചു. വീട്ടുകാരിൽ നിന്നും വിവരങ്ങൾ ചോദിച്ചറിഞ്ഞു. ജില്ലാ കളക്ടറുമായി ഫോണിൽ സംസാരിച്ച് മന്ത്രി സ്ഥിതി വിലയിരുത്തി. മന്ത്രിയുടെ നിർദ്ദേശ പ്രകാരം ഇന്ന് രാവിലെ ജില്ല കളക്ടറും ജിയോളജി സംഘവും സ്ഥലം സന്ദർശിക്കും.

✪✪✪

ഭൂമിക്കടിയിൽ നിന്നും തുടർച്ചയായി സ്ഫോടക ശബ്ദം ഉണ്ടായിക്കൊണ്ടിരിക്കുന്ന നിലമ്പൂർ ഉപ്പട ആനക്കല്ലിൽ ജിയോളജി, ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ പരിശോധന നടത്തി. തുടർച്ചയായി ശബ്ദം ഉണ്ടാകുന്നതിൽ ആശങ്ക വേണ്ടെന്ന് സംഘം അറിയിച്ചു. ഭൂജല വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധന നടത്തി. പ്രദേശത്തെ കുഴൽ കിണറുകളിലെ വെള്ളം കലങ്ങിയതായി സംഘം കണ്ടെത്തി. കുഴൽ കിണറുകൾ കൂടുതലായി നിർമിച്ച പ്രദേശമാണ് ആനക്കല്ല്. ഇക്കാരത്താൽ വിള്ളൽ വീണ ഭൂമിക്കടിയിലെ പാറകൾ തമ്മിൽ കൂട്ടിയിടിക്കുന്ന ശബ്ദമാണ് സ്ഫോടനശബ്ദമായി പുറത്ത് വരുന്നതെന്നാണ് ജിയോളജി വിഭാഗത്തിന്റെ നിഗമനം. കൂടുതൽ പഠനങ്ങൾ ഇക്കാര്യത്തിൽ ആവശ്യമാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ഇന്നലെയും പത്തോളം തവണ ചെറിയ മുഴക്കങ്ങൾ ഈ ഭാഗത്ത് ഉണ്ടായി. ചൊവ്വാഴ്ച രാത്രി ഒമ്പതരയോടെയാണ് വൻ ശബ്ദത്തോടെ ആദ്യം മുഴക്കമുണ്ടായത്. നേരത്തെ, മൂന്ന് തവണ ഈ മേഖലയിൽ ഭൂമിക്കടിയിൽ നിന്നും വൻ ശബ്ദമുണ്ടായിട്ടുണ്ട്. ഭൂമിക്കടിയിൽ നിന്നും തുടർച്ചയായി വൻ സ്ഫോടക ശബ്ദമുണ്ടാകുന്നത് പ്രദേശത്തെ ജനങ്ങളെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിന് ജയം. ഹൈദരാബാദിൽ, ഹൈദരാബാദ് FC യെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് മോഹൻ ബഗാൻ തോൽപ്പിച്ചത്.

ഇന്ന് പഞ്ചാബ് FC ചെന്നൈയിൻ FC യെ നേരിടും. ന്യൂഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

എറണാകുളത്ത് തിങ്കളാഴ്ച ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ ദീപശിഖ പ്രയാണം നാളെ തുടങ്ങും. കാസർഗോഡ് ഹോസ്ദുർഗ് ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ നിന്ന് രാവിലെയാണ് പ്രയാണം ആരംഭിക്കുന്നത്.

✪✪✪

കേരളത്തിൽ വീട്ടുജോലിക്കായി ഒഡീഷയിൽ നിന്ന് എത്തിയ 23 കാരിയായ ആദിവാസി യുവതിയെ 75 വയസ്സുകാരൻ ബലാത്സംഗം ചെയ്ത സംഭവത്തിൽ ദേശീയ വനിതാ കമ്മീഷൻ നടുക്കം അറിയിച്ചു. ഈ മാസം 17നാണ് കേസിൽ

FIR രജിസ്റ്റർ ചെയ്തത്. പ്രതി ഒളിവിലാണ്. സംഭവത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും നീതിയുക്തവും സമയബന്ധിതവുമായ അന്വേഷണം ഉറപ്പാക്കണമെന്നും സംസ്ഥാന പോലീസ് മേധാവിയോട് ദേശീയ വനിതാ കമ്മിഷൻ ആവശ്യപ്പെട്ടു. നടപടി സംബന്ധിച്ച് മൂന്ന് ദിവസത്തിനകം വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

കണ്ണൂർ തളിപ്പറമ്പ് മേഖലയിൽ മഞ്ഞപ്പിത്തം പടരുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി.

കഴിഞ്ഞദിവസം തളിപ്പറമ്പ് ഹിദായത്ത് നഗറിലെ സഹോദരങ്ങളായ രണ്ടുപേർ മഞ്ഞപ്പിത്തത്തെ തുടർന്ന് മരിച്ചിരുന്നു.

ഡെപ്യൂട്ടി DMO ഡോ KC. സച്ചിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് സംഘം സ്ഥലം സന്ദർശിച്ചു. തിളപ്പിക്കാതെയോ ക്ലോറിനേറ്റ് ചെയ്യാതെയോ വെള്ളം ഉപയോഗിക്കുന്നതും രോഗികൾ വ്യക്തിശുചിത്വം പാലിക്കാത്തതുമാണ് രോഗ പകർച്ചക്ക് കാരണമായതെന്ന് ഡെപ്യൂട്ടി DMO അറിയിച്ചു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർഥാടനത്തിന് ആദ്യ ഗഡു പണമടയ്ക്കുന്നതിന് തിയതി അടുത്ത മാസം 11 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മറ്റി അറിയിച്ചു. മുൻകൂർ നൽകേണ്ട തുകയും നടപടിക്രമങ്ങൾക്കു ചെലവും ഉൾപ്പെടെ ഒരു ലക്ഷത്തി 30,300 രൂപ അടയ്ക്കേണ്ട തിയതി ഇന്ന് അവസാനിക്കാനിരിക്കെയാണ് പ്രഖ്യാപനം.

✪✪✪

ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ചേളാരിയിലെ ബോട്ട്ലിങ് പ്ലാന്റിൽ നിന്ന് ഏജൻസികളിലേക്ക് കൊണ്ട് പോകുന്ന പാചക വാതക സിലിണ്ടറുകളിൽ ദ്രവ വസ്തുക്കൾ കലർത്തി ഉപഭോക്താക്കളെ കബളിപ്പിക്കുന്ന മാഫിയ പ്രവർത്തിക്കുന്നുണ്ടെന്ന് പരാതി ലഭിച്ചതായി മലപ്പുറം ജില്ലാ കളക്ടർ വി.ആർ വിനോദ് അറിയിച്ചു. ഇതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സിലിണ്ടറുകളിൽ നിന്ന് പാചക വാതകം ചോർത്തി ബാക്കി വെള്ളമോ മറ്റ് മായങ്ങളോ ചേർത്ത് ഏജൻസികളിൽ എത്തിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്കു സാമ്പത്തിക നഷ്ടത്തോടൊപ്പം മനുഷ്യ ജീവന് വരെ വലിയ അപകടങ്ങൾക്ക് കാരണമാകുന്നതാണ് സിലിണ്ടറുകളിൽ വെള്ളവും മറ്റും നിറക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു. ഇത് സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചേളാരിയിലെ ഇൻഡേൻ ബോട്ട്ലിങ് ചീഫ് പ്ലാന്റ് മാനേജർ നൽകിയ പരാതി

കളക്ടർ ജില്ലാ പൊലീസ് മേധാവിക്ക് കൈമാറി. സിലിണ്ടറുകൾ കൊണ്ടു പോകുന്ന ട്രക്കുകൾ സംശയകരമായ സാഹചര്യത്തിൽ വഴിയിൽ നിർത്തി സിലിണ്ടറുകൾ പുറത്തെടുക്കുന്നത് ശ്രദ്ധയിൽപെട്ടാൽ ഉടൻ പൊലീസിനെ അറിയിക്കണമെന്നും ജില്ലാ കളക്ടർ അഭ്യർഥിച്ചു.

✪✪✪

മേരാ യുവ ഭാരത് വളണ്ടിയർമാരുടെ നോതൃത്വത്തിൽ സംസ്ഥാനത്ത് മാർക്കറ്റുകൾ കേന്ദ്രകരിച്ച് മാലിന്യമുക്ത ക്യാമ്പയിൻ സംഘടിപ്പിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മർച്ചന്റ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

നെഹ്റു യുവ കേന്ദ്രയുടെയും നാഷണൽ സർവീസ് സ്കീമിന്റെയും വളണ്ടിയർമാരാണ് കാമ്പയിന് നേതൃത്വം നൽകിയത്. ഈ മാസം 27ന് ആരംഭിച്ച മാലിന്യമുക്ത പരിപാടി ഇന്ന് സമാപിക്കുമെന്ന് നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ M അനിൽകുമാർ അറിയിച്ചു.

✪✪✪